"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - വകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് ശ്രീമതി അനിത കെ.എസ്.-ന് അനുവദിച്ച പ്രത്യേക അവശതാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.271/2025/AYUSH തീയതി, തിരുവനന്തപുരം, 27-05-2025

---

പരാമർശം:- (1) സ.ഉ.(സാധാ)നം.191/2025/ആയുഷ് തീയതി 08/04/2025.

(2) ശ്രീമതി അനിത കെ.എസ്. സമർപ്പിച്ച 02/05/2025-ലെ അവധി അപേക്ഷ.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 16/05/2025-ലെ DHTVM/654/2025-EA2 - നമ്പർ കത്ത്.

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് (HG) ശ്രീമതി അനിത കെ.എസ്.-ന് 04/03/2025-ന് ഡ്യൂട്ടിക്കിടെ ഉണ്ടായ അപകടത്തെത്തുടർന്ന്, ടിയാളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരാമർശം-(1) പ്രകാരം 05/03/2025 മുതൽ 03/05/2025 വരെ 60 ദിവസങ്ങളിലേയ്ക്ക് പ്രത്യേക അവശതാവധി അനുവദിച്ചു ഉത്തരവായിരുന്നു. എന്നാൽ, അപകടത്തെ തുടർന്ന് വിരലുകൾക്കുണ്ടായ പരിക്ക് ഭേദമാകുന്നതിനും വിരലുകളുടെ ചലനശേഷി വീണ്ടെടുക്കുന്നതിനും തുടർചികിത്സ ആവശ്യമായതിനാൽ, 04/05/2025 മുതൽ 24/05/2025 വരെ 21 ദിവസങ്ങളിലേയ്ക്കു കൂടി പ്രത്യേക അവശതാവധി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ടിയാൾ പരാമർശം-(2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും, പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റിലെ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് പരാമർശം-(1) പ്രകാരം അനുവദിച്ചു നൽകിയ അവധിക്ക് തുടർച്ചയായി 04/05/2025 മുതൽ 24/05/2025 വരെ 21 ദിവസങ്ങളിലേയ്ക്കു കൂടി പ്രത്യേക അവശതാവധി ദീർഘിപ്പിച്ച് അനുവദിക്കുന്നതിനായി അപേക്ഷ, അനുബന്ധരേഖകൾ എന്നിവ ഹോമിയോപ്പതി വകുപ്പ് മേധാവി ശിപാർശ ചെയ്ത് പരാമർശം-(3) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാർമശം-(3) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടേയും, രേഖകളുടേയും വെളിച്ചത്തിൽ, വകുപ്പ് മേധാവിയുടെ കാര്യാലയത്തിലെ സീനിയർ ക്ലാർക്കായ

ശ്രീമതി അനിത കെ.എസ്.-ന്, ടിയാൾ അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുമ്പോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നും, ആയത് ജോലിയിൽ തിരികെ പ്രവേശിച്ച തീയതി ഉൾപ്പടെ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരിക്കണമെന്ന വ്യവസ്ഥയിലും, പരാമർശം-(1) പ്രകാരം അനുവദിച്ച പ്രത്യേക അവശതാവധിക്ക് തുടർച്ചയായി **04/05/2025** മുതൽ **24/05/2025** വരെ **21** ദിവസങ്ങളിലേയ്ക്ക് കൂടി മെഡിക്കൽ ഗ്രൗണ്ടിൽ പ്രസ്തുത അവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ശ്രീമതി അനിത കെ.എസ്., സീനിയർ ക്ലാർക്ക്, ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
4. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
5. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/50/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by

Pradeep R S

Date: 27-05-2025 17:12:44

സെക്ഷൻ ഓഫീസർ.